# KERALA PRIVATE COLLEGE MANAGEMENTS' ASSOCIATION

*(Registered under Travancore-Cochin Literary Scientific & Charitable Societies' Registration Act XII of 1955 Reg.S.No.Tr.12 of 1960, 03-05-1960)*


E mail : kpcma1960@gmail.com

| PRESIDENT | GENERAL SECRETARY | TREASURER |
|---|---|---|
| **Dr.M.E.Kuriakose**<br>Secretary,<br>M.O.C Colleges,<br>Catholicate Aramana,<br>Devalokam (Po),<br>Kottayam-686 004<br>Mob.9447101513 | **Dr.M.Usman**<br>V/427 Camp Office,<br>Schoolparamba,<br>Pazhamallure (Po)<br>Malappuram Dt.676 506<br>Mob.9447255581 | **Rev. Sr.Dr.Vinitha CSST**<br>Director,<br>St.Teresas' College,<br>Park Avenue, Marine Drive ,<br>Ernakulam- 682 011<br>Mob.9961441698 |

**VICE PRESIDENTS**

**1.Sri.G.Somarajan**
Administrative Officer, S.N.Trust,
Kollam-1
Cell: 9846328700

**2.Dr.P.A. Fazal Gafoor**
President,
M.E.S, Calicut-1
Cell: 9847233800

**3.Sri.P.A.Hilal Babu**
Secretary & Manager
M.S.M College,Kayamkulam
Cell: 9846002725

**4.Sri.C.P.Kunhimohammed**
Manager,
Farook College (Autonomous)
Farook College (Po), Calicut.673632
Cell: 9895099990

**JOINT SECRETARIES**

**1.Manager**
Mar Ivanious College
Thiruvananthapuram- 15

**2.Fr.James John Mangalath**
Principal,
St.Thomas College,Palai- 686575
Cell: 9447140857

**3.Sri.O.Abdul Ali**
Manager,
KAHM Unity Womens' College
Narukara (Po), Manjeri-676122
Cell: 9895478080

**CHIEF ADVISOR**

**Prof.R.Prasannakumar**
(Former President KPCMA . Former Secretary,
N.S.S.Central Committee of Colleges),
MRA No.21, Mythri Nagar,
Perunna East, Changanasery-686102
Cell: 9847053949


KPCMA/07-H Edn/2022 07-01-2022

To
Dr.R.Bindu,
Hon.ble Minister for Higher Education,
Government of Kerala

Dear Madam,

Sub: സംസ്ഥാനത്തെ എയ്ഡഡ് കോളെജുകൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ഇത് സംബന്ധിച്ച് കോളെജ് മാനേജ്മെൻറ് പ്രതിനിധികളുമായി ചർച്ച നടത്തുന്നതിനും ഉള്ള അപേക്ഷ

സംസ്ഥാനത്തെ എയ്ഡഡ് കോളെജുകൾ നേരിടുന്ന താഴെ കൊടുത്ത പ്രശ്നങ്ങൾ അടിയന്തിര പ്രാധാന്യത്തോടെ പരിഹരിക്കുന്നതിനായി അങ്ങയുടെ ശ്രദ്ധയിൽ പെടുത്തുന്നു:

1. 16 മണിക്കൂർ വർക്ക് ലോഡ് ഇല്ലാത്തതിന്റെ പേരിൽ സംസ്ഥാനത്തെ കോളെജുകളിൽ നിലവിലുള്ള സിംഗിൾഫാക്കൾട്ടി തസ്തികകളിൽ നിയമനം നടത്താൻ കഴിയുന്നില്ല. ഇത് കോളെജുകളിലെ അധ്യയന നിലവാരത്തെ ഏറെ പ്രതികൂലമായി ബാധിച്ചിരിക്കുന്നതിനാൽ 16 മണിക്കൂർ നിബന്ധന ഒഴിവാക്കി സിംഗിൾ ഫാക്കൾട്ടി അധ്യാപക തസ്തികകളിൽ നിയമനം അനുവദിക്കണമെന്ന പേക്ഷിക്കുന്നു.
2. റിട്ടയർമെൻറ് ഒഴിവുകളിലും പുതിയ തസ്തികകളിലും നിയമനം നടത്താൻ ഇന്ന് നേരിടുന്ന കാലതാമസം ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്നപേക്ഷിക്കുന്നു.
3. എയ്ഡഡ് കോളെജുകളിലെ പ്രിൻസിപ്പൽ നിയമനവുമായി ബന്ധപ്പെട്ട് നിരവധി പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. സർക്കാർ കോളെജുകൾ, ഓട്ടോണമസ് കോളെജുകൾ എന്നിവയിലേത് പോലെ പ്രിൻസിപ്പൽ നിയമനത്തിന് വർക്ക് ലോഡ് ബാധകമല്ലാതാക്കണമെന്ന പേക്ഷിക്കുന്നു.2018ലെ യു.ജി.സി റെഗുലേഷൻ അനുസരിച്ച് 5 വർഷത്തെ ടെന്യൂവർ നിയമനത്തിന് ശേഷം പ്രിൻസിപ്പലിന് പാരന്റ് ഡിപ്പാർട്ട്മെന്റിലേക്ക് പ്രൊഫസർ തസ്തികയിലേക്ക് തിരിച്ചു പോകാനായി ടി തസ്തിക സൃഷ്ടിക്കേണ്ടതുണ്ട്. സർക്കാരിന്റെ അടിയന്തിര ശ്രദ്ധ ഇക്കാര്യത്തിലുണ്ടാവണമെന്ന പേക്ഷിക്കുന്നു.

4. സംസ്ഥാനത്തെ എയ്ഡഡ് കോളെജുകളിലെ നിയമനങ്ങളിൽ ഭിന്നശേഷി സംവരണം നടപ്പിലാക്കുന്നത് ആകെ സംവരണം 50% ത്തിലധികമാവരുതെന്ന സുപ്രീം കോടതി നിർദ്ദേശത്തിന് വിരുദ്ധമാണെന്ന് ഞങ്ങൾ നേരത്തെ ചൂണ്ടിക്കാണിക്കുകയും 1996 മുതലുള്ള ബാക്ക് ലോഗ് ഒഴിവാക്കാൻ അപേക്ഷിക്കുകയും ചെയ്തിരുന്നു. എയ്ഡഡ് കോളെജുകളിലെ നിയമനങ്ങളിൽ അംഗ പരിമിതർക്കുള്ള സംവരണം നടപ്പിലാക്കുമ്പോൾ നിലവിൽ ഈ കോളെജുകളിൽ തുടർന്നു വരുന്ന കമ്മ്യൂണിറ്റി സംവരണത്തെ യാതൊരു തരത്തിലും പ്രതികൂലമായി ബാധിക്കാതെ നടപ്പിലാക്കണമെന്നപേക്ഷിക്കുന്നു.പ്രായോഗിക പ്രശ്നങ്ങൾ പരിഗണിച്ച്, ഇത്തരത്തിൽ സംവരണം നടപ്പിലാക്കാനാവശ്യമായ രീതിയിൽ സർവ്വകലാശാലാ സ്റ്റാറ്റ്യൂട്ടുകൾ ഭേദഗതി വരുത്തുന്ന തിയതി വരെയുള്ള ബാക്ക് ലോഗ് ഒഴിവാക്കണമെന്നപേക്ഷിക്കുന്നു.

   കൂടാതെ വിവിധ വിഭാഗങ്ങളിൽ പെടുന്ന ഭിന്നശേഷി ക്കാർക്ക് അനുയോജ്യമായ തസ്തികകൾ നീക്കിവെക്കുന്നത് സംബന്ധിച്ച് വ്യക്തമായ മാർഗരേഖ ആവശ്യമുണ്ട്.ഇത്തരത്തിലുള്ള സംവരണം നിലവിലെ അനധ്യാപകരുടെ പ്രൊമോഷനെ ബാധിക്കുന്നതാണ്.ഇക്കാര്യങ്ങളെക്കുറിച്ച് മാനേജ്മെൻറുകളുമായി ചർച്ച ചെയ്ത് പ്രശ്നങ്ങൾക്ക് പരിഹാരം കാണണമെന്നപേക്ഷിക്കുന്നു.

5. കോളെജുകളിൽ അനുവദിച്ചിട്ടുള്ള പുതു തലമുറകോഴ്സുകൾക്ക് ഗസ്റ്റ് അദ്ധ്യാപക നിയമനം അനുവദിക്കുന്നത് പോലെ കോഴ്സുകളുടെ സ്വഭാവം, വിദ്യാർത്ഥികളുടെ എണ്ണം എന്നിവക്ക് ആനുപാതികമായി ക്ലാർക്ക്, ലാബ് അസിസ്റ്റന്റ് തുടങ്ങിയ തസ്തികകളിൽ താൽക്കാലിക നിയമനം അനുവദിക്കണമെന്ന പേക്ഷിക്കുന്നു.

6. സർവ്വകലാശാലാ പരീക്ഷകൾക്ക് ഓൺലൈൻ ചോദ്യപേപ്പർ സംവിധാനം ഏർപ്പെടുത്തുകയും ഓഫീസ് പ്രവർത്തികൾ അതിവേഗം ഓൺലൈനായി മാറിക്കൊണ്ടിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ എല്ലാ കോളെജുകളിലും ഒരു System Administrator തസ്തിക അനുവദിക്കണമെന്നപേക്ഷിക്കുന്നു

7. സർവ്വകലാശാലാ പരീക്ഷകൾക്ക് ഓൺലൈൻ ചോദ്യപേപ്പർ സംവിധാനം ഏർപ്പെടുത്തുന്നതിനായി ജനറേറ്റർ, ഹൈസ്പീഡ് പ്രിന്റർ, കമ്പ്യൂട്ടർ, സി.സി .ടി.വി തുടങ്ങിയവ വാങ്ങുന്നതിന് കോളെജുകളുടെ പി.ഡി. അക്കൗിലുള്ള അഡ്മിഷൻ ഫീസിനത്തിലെ ബാക്കി തുക വിനിയോഗിക്കാൻ അനുവാദം നൽകണമെന്ന പേക്ഷിക്കുന്നു.

8. സംസ്ഥാനത്ത് സ്ഥിരാധ്യാപക നിയമനം. നടത്തിയിട്ടുള്ള പുതു തലമുറകോഴ്സുകളായ സൈക്കോളജി, ഹോട്ടൽ മാനേജ്മെന്റ്, മാസ് കമ്യൂണിക്കേഷൻ തുടങ്ങിയ കോഴ്സുകളിലെ പ്രാക്ടിക്കൽ ലാബുകൾക്ക് ലാബ് അസിസ്റ്റൻറ് തസ്തിക അനുവദിക്കണമെന്ന പേക്ഷിക്കുന്നു.

9. എയ്ഡഡ് കോളെജുകളിൽ നടന്നുവരുന്ന ഡഏഇ മാനദണ്ഡപ്രകാരമുള്ള B. Voc കോഴ്സുകൾക്ക് ഇപ്പോൾ സർക്കാർ നിശ്ചയിച്ചിരിക്കുന്ന സെമസ്റ്റർ ഫീസ് 6000 രൂപ മാത്രമാണ്.ഇത് പരമ്പരാഗത കോഴ്സുകളുടേതിനേക്കാൾ



KERALA PRIVATE COLLEGE MANAGEMENTS ASSOCIATION

കുറവാണ്. ആയതിനാൽ കോഴ്സുകളുടെ സ്വഭാവം, ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ, പ്രാക്ടിക്കൽസ് തുടങ്ങിയവ കണക്കിലെടുത്ത് ഈ കോഴ്സുകളുടെ ഫീസ് കാലോചിതമായി പരിഷ്ക്കരിക്കണമെന്ന പേക്ഷിക്കുന്നു.

10. എയ്ഡഡ് കോളെജുകൾക്ക് നിയമ പ്രകാരം ലഭിക്കേണ്ട മെയിന്റനൻസ് ഗ്രാന്റ്, കണ്ടിജൻസി ഗ്രാന്റ് എന്നിവ പതിറ്റാണ്ടുകളായി മുടങ്ങിക്കിടക്കുകയാണ്.ഇത് കുടിശ്ശിക സഹിതം അനുവദിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന പേക്ഷിക്കുന്നു.

11. നിയമാനുസൃതമായ ഭൗതികസൗകര്യങ്ങൾ ഒരുക്കാൻ തയ്യാറുള്ള എല്ലാ കോളെജുകളിലും എയ്ഡഡ് കോഴ്സുകൾ അനുവദിക്കണമെന്നും അനിവാര്യമായ സാഹചര്യങ്ങളിൽ എയ്ഡഡ് കോളെജുകളിൽ പുതിയ അൺ എയ്ഡഡ് കോഴ്സുകൾ അനുവദിക്കുന്ന കാര്യത്തിൽ സർക്കാർ തുറന്ന സമീപനം പുലർത്തണമെന്നും അപേക്ഷിക്കുന്നു.

12. സംസ്ഥാനത്ത് പുതുതായി അനുവദിച്ച എയ്ഡഡ് കോളെജുകളിൽ പ്രിൻസിപ്പൽ തസ്തികയടക്കമുള്ള അധ്യാപക തസ്തികകളും അനധ്യാപക തസ്തികകളും അനുവദിക്കണമെന്നപേക്ഷിക്കുന്നു.

13. സംസ്ഥാനത്തെ എയ്ഡഡ് കോളെജുകളിൽ മാനേജ്മെൻറ് ക്വാട്ട ,കമ്യൂണിറ്റി ക്വാട്ട എന്നിവയിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് രക്ഷിതാവിന്റെ വരുമാനത്തിന്റെയടിസ്ഥാനത്തിൽ നൽകി വന്നിരുന്ന ഫീസാനുകൂല്യം ലഭിക്കാത്ത സാഹചര്യമുണ്ട്.ഈ പ്രശ്നം അടിയന്തിരമായി പരിഹരിക്കണമെന്ന പേക്ഷിക്കുന്നു.

14. സംസ്ഥാനത്തെ എയ്ഡഡ് ഓട്ടോണമസ് കോളെജുകൾ നിരവധി പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നുണ്ട്.പലപ്പോഴും ഇവയുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് സഹായകരമായ നിലപാടല്ല സർവ്വകലാശാലകളും സർക്കാരും കൈക്കൊള്ളുന്നത്.ഈ പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹരിക്കുന്നതോടൊപ്പം സംസ്ഥാനത്ത് യു.ജി.സി നിയമ പ്രകാരം അർഹതയുള്ള കോളെജുകൾക്ക് ഓട്ടോണമസ് പദവി കൈവരിക്കാനുള്ള സർക്കാർ പിന്തുണ ലഭ്യമാക്കണമെന്ന പേക്ഷിക്കുന്നു.

15. സംസ്ഥാനത്തെ എയ്ഡഡ് അറബിക് കോളെജുകൾ മാറ്റത്തിന്റെ പാതയിലാണ്.പുതു തലമുറകോഴ്സുകൾ, ഫിസിക്കൽ എഡ്യുക്കേഷൻ അടക്കമുള്ള വിഷയങ്ങളിൽ തസ്തികകൾ എന്നിവ അനുവദിക്കൽ തുടങ്ങിയ കാര്യങ്ങളിൽ വിശദമായ ചർച്ച നടത്തി പ്രശ്നങ്ങൾ പരിഹരിക്കണമെന്ന പേക്ഷിക്കുന്നു.

16. പുതിയ ദേശീയ വിദ്യാഭ്യാസ നയം സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലയെ എങ്ങിനെ ബാധിക്കുമെന്ന കാര്യത്തിൽ ഞങ്ങൾക്ക് കടുത്ത ആശങ്കയുണ്ട്. ട്രെയിനിംഗ് കോളെജുകളിലെ നിലവിലെ കോഴ്സുകളിൽ വൻതോതിലുള്ള മാറ്റങ്ങളാണ് പുതിയ ദേശീയ വിദ്യാഭ്യാസ നയം വിഭാവനം ചെയ്യുന്നത്.ഇതനുസരിച്ച് നാഷണൽ കൗൺസിൽ ഓഫ് ടീച്ചർ എഡ്യുക്കേഷൻ പുതിയ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കാൻ തുടങ്ങിയിട്ടുണ്ട്. ഇതനുസരിച്ച് പെർഫോർമിംഗ് ആർട്സ്, വിഷ്വൽ ആർട്സ് വിഷയങ്ങളിൽ



KERALA PRIVATE COLLEGE MANAGEMENTS' ASSOCIATION

അധ്യാപകർ നിർബന്ധമാണ്. സർക്കാർ ട്രെയിനിംഗ് കോളെജുകളിൽ ഈ വിഷയങ്ങളിൽ ഗസ്റ്റ് അധ്യാപകരെ അനുവദിക്കുന്നുണ്ട്. സ്ഥിരം അദ്ധ്യാപകരെ നിയമിക്കുന്നത് വരെ എയ്ഡഡ് ട്രെയിനിംഗ് കോളെജുകളിലും ഈ വിഷയങ്ങളിൽ ഗസ്റ്റ് അധ്യാപകരെ അനുവദിക്കണമെന്നും അർഹതയുള്ള ട്രെയിനിംഗ് കോളെജുകൾക്ക് ഓട്ടോണമസ് പദവി ലഭിക്കാൻ സർക്കാർ തലത്തിലുള്ള തടസ്സങ്ങൾ നീക്കണമെന്നും അപേക്ഷിക്കുന്നു. പുതിയ ദേശീയ വിദ്യാഭ്യാസ നയത്തിന്റെ പശ്ചാത്തലത്തിൽ ടീച്ചർ എഡ്യുക്കേഷൻ മേഖല നേരിടുന്ന പ്രശ്നങ്ങൾ പഠിച്ച് പരിഹാരങ്ങൾ നിർദ്ദേശിക്കാൻ ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ ഒരു പഠന കമ്മിഷനെ നിയോഗിക്കണമെന്നുമപേക്ഷിക്കുന്നു.

മുകളിൽ ഉന്നയിച്ച കാര്യങ്ങളിൽ താമസംവിനാ അനുകൂലമായ സർക്കാർ തീരുമാനമുണ്ടാകണമെന്നപേക്ഷിക്കുന്നു.

എന്ന്,
വിശ്വാസ പൂർവ്വം,

ഡോ.എം.ഇ.കുര്യാക്കോസ്
(പ്രസിഡന്റ് )

ഡോ.എം.ഉസ്മാൻ
(ജനറൽ സെക്രട്ടറി)

Kerala Private College Managements' Association

Copy to:

1.Dr.Venu.V. IAS, Additional Chief Secretary, Higher Education, Government of Kerala

KERALA PRIVATE COLLEGE MANAGEMENTS' ASSOCIATION